# ഭാഷ, സമൂഹം, സംസ്കാരം

ഡോ. കെ.ജി. പൗലോസ്

## I

കൂട്ടായി ജീവിക്കാൻ തുടങ്ങിയപ്പോഴാണ് മനുഷ്യന് ഭാഷ അനിവാര്യമായി വന്നത്. ഗുഹാമനുഷ്യൻ ചിത്രങ്ങളിലൂടെ ആത്മാവിഷ്കാരം ചെയ്തുപോന്നു. ഒരാശയം മറ്റൊരാളെ അറിയിക്കേണ്ടിവന്നപ്പോൾ ആദ്യം അവൻ ആംഗ്യകളിലൂടെ സംവേദനം നടത്തി. ഇരുളിലാവുമ്പോൾ ശബ്ദം പുറപ്പെടുവിച്ചു. ക്രമേണ ശബ്ദത്തോട് പൊരുളിനെ ചേർത്തുവെച്ചു. അന്തിമഘട്ടത്തിലാണ് രേഖപ്പെടുത്തിവെയ്ക്കാൻ അക്ഷരം കണ്ടുപിടിച്ചത്. ഇങ്ങനെ അനേകം സഹസ്രാബ്ദങ്ങളിലെ പരിണാമപ്രക്രിയയിലൂടെയാണ് ഭാഷ രൂപപ്പെട്ടത്. ഭാഷയും അതുപയോഗിക്കുന്ന സമൂഹത്തിന്റെ വികാരവിചാരങ്ങളും തമ്മിൽ അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. ഓരോ സമൂഹത്തിനും പ്രത്യേകം ഭാഷകളുണ്ടായി. ആറായിരത്തിലധികം വരുന്ന ലോകഭാഷകൾ രൂപപ്പെട്ടതങ്ങനെയാണ്. ഓരോന്നും അതു സംസാരിക്കുന്ന സമൂഹത്തിന്റെ വൈകാരികമുദ്രയാണ്.

ഭാഷയ്ക്ക് സമൂഹത്തോടുള്ള ബന്ധം സംസ്കാരത്തോടുമുണ്ട്. സംസ്കാരമെന്നത് വരേണ്യവും നാഗരികവുമായ എന്തോ ഒന്നാണെന്ന ധാരണയാണ് അടുത്തകാലം വരെ നമുക്കുണ്ടായിരുന്നത്. ഗ്രാമ്യമെന്നാൽ വൃത്തിഹീനം എന്നാണല്ലോ നാമിപ്പൊഴും അർത്ഥമാക്കുന്നത്. ഒരു സമൂഹത്തിന്റെ സമഗ്രമായ ജീവിതരീതിയാണ് സംസ്കാരമെന്ന് ഇപ്പോൾ നാം തിരിച്ചറിയുന്നു. ഈ ജീവിതരീതിയെ രൂപപ്പെടുത്തുന്ന ഒരു മൂല്യബോധമുണ്ട്. അനവധി സാഹചര്യങ്ങളും അനുഭവങ്ങളുമാണ് ഒരു ബോധമണ്ഡലത്തെ സൃഷ്ടിക്കുന്നത്. അണുകുടുംബത്തിലെ സ്ത്രീപുരുഷബന്ധമല്ല, സൂരിനമ്പൂതിരിപ്പാടിന്റേത്. അദ്ദേഹത്തെ കുറ്റപ്പെടുത്തുന്നതിൽ അർത്ഥമില്ല. അന്നത്തെ കാലത്തെ ബോധമണ്ഡലത്തിന് അതിൽ അപകർഷത തോന്നിയില്ല. മാധവനും ഇന്ദുലേഖയും മറ്റൊരു ജീവിതബോധത്തിന്റെ സൃഷ്ടികളാണ്. ഇംഗ്ലീഷ് പഠിക്കുന്നത് അപകടമാണെന്ന് നമ്പൂതിരി കരുതുമ്പോൾ അതുണ്ടാക്കുന്ന അവബോധം നല്ലതാണെന്ന് ഇന്ദുലേഖ അറിയുന്നു. ഒരേ കാലസ്ഥലികളിൽ വ്യാപരിക്കുമ്പോഴും രണ്ടു ലോകങ്ങളിലാണ് അവർ ജീവിക്കുന്നത്. മൂല്യമെന്നത് ഒരു ബോധമാണെന്നും ശാശ്വതവും സനാതനവും ആയ ഒരു മൂർത്തരൂപം അതിനില്ലെന്നും ആണ് ഇതിനർത്ഥം. ശാശ്വതമൂല്യം എന്നതൊക്കെ ഭംഗിവാക്കാണ്; സനാതനമൂല്യവും അങ്ങനെതന്നെ. ഭാഷയും സമൂഹവും സംസ്കാരവും കെട്ടുപിണഞ്ഞുകിടക്കുന്നു; വെവ്വേറെ നോക്കിയാൽ സ്വതന്ത്രസത്ത മൂന്നിനുമില്ല; സ്ഥാവരസ്ഥിതിയും അങ്ങനെതന്നെ.

## II

വസ്തുസ്ഥിതി ഇതാണെങ്കിലും എല്ലാ ഭാഷകളോടും നമുക്കുള്ള ബന്ധം ഒരുപോലെയല്ല. മാതൃഭാഷയോട് ഒരുവന് നാഭീനാളബന്ധമുണ്ട്. വൈചാരികമെന്നതിനപ്പുറം വൈകാരികമാണ് ആ ബന്ധം. മലയാളഭാഷയുടെ അടിവേരുകൾ ചികയുന്നതിന് ഇവിടെ ശ്രമിക്കുന്നില്ല. വിന്ധ്യനിപ്പുറത്ത് ദ്രാവിഡഭാഷകളും അപ്പുറത്ത് ആര്യാവർത്തത്തിൽ സംസ്കൃതവുമെന്നായിരുന്നു പഴയനില. പുറത്തുനിന്ന് കേരളത്തിലേയ്ക്ക് വന്ന ആദ്യത്തെ ഭാഷ പ്രാകൃതമായിരിക്കണം. ബുദ്ധമതവുമായി ബന്ധപ്പെട്ടാണിത്. തുടർന്നു സംസ്കൃതം; കൊളോണിയൽ കാലത്താണ് ഇംഗ്ലീഷ് വന്നത്. പേഴ്സ്യൻ, ഉറുദു, അറബി തുടങ്ങിയ ഭാഷകളുമായി മലയാളത്തിന് പലപ്പോഴായി സമ്പർക്കമുണ്ടായിട്ടുണ്ട്.

സംസ്കൃതവുമായുള്ള ബന്ധം ഒന്നുകൂടി വിശദമാക്കേണ്ടതുണ്ട്. പ്രാകൃതത്തെ തുടർന്നു വന്ന സംസ്കൃതം ബൗദ്ധരുടേതുതന്നെയായിരുന്നു. ബൗദ്ധവിഹാരമാണ് പള്ളി. 11–12 നൂറ്റാണ്ടുകളിലെ ആട്ടപ്രകാരങ്ങളിൽ ബൗദ്ധരെപ്പറ്റി ധാരാളം പരാമർശങ്ങളുണ്ട്. ‘പള്ളിപുതയ്ക്കുക’ എന്നതിന് ബുദ്ധമതത്തിൽ ചേരുക എന്നാണർത്ഥം; അങ്ങനെ ചേർന്നവനാണ് ‘പള്ളിയാൻ’. പള്ളിയോടു ചേർന്നുള്ള പഠനകേന്ദ്രമാണ് പള്ളിക്കൂടം. പലരും തെറ്റിദ്ധരിച്ചിട്ടുള്ളതുപോലെ മിഷനറിമാരല്ല പള്ളിക്കൂടം പണിതത്. ബൗദ്ധർ സംഘജീവിതം ഇഷ്ടപ്പെടുന്നവരായിരുന്നു. അതുകൊണ്ട് പള്ളിക്കൂടങ്ങളിൽ എല്ലാവർക്കും അവർ പ്രവേശനം നൽകി. കീഴ്പ്പാളിയിലുള്ളവരാണ് അധികവും അവിടെ ചേർന്നത്. കേരളത്തിൽ പൊതുവിദ്യാഭ്യാസം തുടങ്ങിവെച്ചത് ബൗദ്ധരാണ്. പിൽക്കാലത്ത് പല കാരണങ്ങളാൽ വിഹാരങ്ങൾ ഇല്ലാതായി. പള്ളിക്കൂടത്തിന്റെ തുടർച്ചയാണ് കുടിപ്പള്ളിക്കൂടങ്ങൾ. വിഹാരത്തിൽ നിന്ന് കുടിയിലേയ്ക്ക് മാറി. ആശാൻ പള്ളിക്കൂടങ്ങളാണ് കേരളത്തിൽ കീഴാളജനതയെ വിദ്യാസമ്പന്നരാക്കിയത്. പിന്നീടാണ് ക്ഷേത്രകേന്ദ്രിതമായ സംവിധാനമുണ്ടാകുന്നത്. അവയോട് ചേർന്നു വിദ്യാകേന്ദ്രങ്ങളായി ശാലകൾ ആരംഭിച്ചു. ത്രൈവർണ്ണികർക്കായിരുന്നു ശാലകളിൽ പ്രവേശനമുണ്ടായിരുന്നത്.

പള്ളിക്കൂടങ്ങളും ശാലകളും വിദ്യാവിതരണത്തിന്റെ രണ്ടുധാരകളായിരുന്നു. പള്ളിക്കൂടങ്ങൾ സാധാരണക്കാർക്ക്, ശാലകൾ വരേണ്യർക്ക്. പഠിപ്പിക്കുന്ന വിഷയത്തിലുമുണ്ടായിരുന്നു വ്യത്യാസം. വൈദ്യം, ജ്യോതിഷം, തച്ചുശാസ്ത്രം തുടങ്ങിയ ദൈനംദിന ജീവിതത്തിനുതകുന്ന ശാസ്ത്രങ്ങളായിരുന്നു പള്ളിക്കൂടങ്ങളിൽ പഠിപ്പിച്ചിരുന്നത്. ഗണകൻ, വേലൻ, തച്ചൻ തുടങ്ങിയവരൊക്കെ പള്ളിക്കൂടങ്ങളിൽ സംസ്കൃതം പഠിച്ച് ജീവനോപാധികൾ കണ്ടെത്തിയവരാണ്. മേൽജാതിക്കാർക്ക് ഇതിലൊന്നിലുമായിരുന്നില്ല താത്പര്യം. വേദാന്തം, തർക്കം, വ്യാകരണം തുടങ്ങിയ വിഷയങ്ങളാണ് ശാലകളിൽ പഠിപ്പിച്ചിരുന്നത്. ആശാൻ എന്നാണ് പള്ളിക്കൂടത്തിലെ അദ്ധ്യാപകനെ വിളിച്ചി

രുന്നത്; ആചാര്യൻ ആണ് ശാലയിലെ അദ്ധ്യാപകൻ. അചാര്യന്റെ തദ്ഭവമാണ് ആശാൻ.

ബ്രാഹ്മണശ്രമണന്യായം എന്നൊന്ന് സംസ്കൃതത്തിലുണ്ട്. മതപരിവർത്തനമാണ് അവിടെ വിഷയം. ഇവിടെ ഒന്നുമാറ്റി ബ്രാഹ്മണപാരമ്പര്യം ശാലയും ശ്രമണപാരമ്പര്യം കുടിപ്പള്ളിക്കൂടവും പിന്തുടർന്നു എന്നുപറയാം. ആദ്യത്തേത് മതാത്മകമായിരുന്നെങ്കിൽ രണ്ടാമത്തേത് സെക്കുലർ ആയിരുന്നു. ശാലയിലെ സിദ്ധരൂപത്തിൽ രാമഃ, രമാ, ഹരിഃ എന്നൊക്കെയാവും രൂപനിഷ്പത്തിക്കുള്ള ഉദാഹരണങ്ങൾ. പള്ളിക്കൂടത്തിൽ ബാലഃ, കന്യാ, കവിഃ എന്നൊക്കെ ആയിരിക്കും. രണ്ടുതരത്തിലുമുള്ള സിദ്ധരൂപങ്ങൾ ഇപ്പോഴുമുണ്ട്. പരസ്പരമുള്ള ആദാനപ്രദാനങ്ങളിലൂടെയാണ് സവർണ്ണ-ശ്രമണപാരമ്പര്യങ്ങൾ കേരളത്തിൽ നിലനിന്നത്.

സംസ്കൃതത്തോടുള്ള ബന്ധം മലയാളത്തെ സ്വാധീനിച്ചരീതികൾ നമുക്കറിയാം. മലയാളത്തിന്റെ അക്ഷരമാലതന്നെ സംസ്കൃതപ്രഭാവം വിളിച്ചറിയിക്കുന്നതാണ്. മലയാളത്തിലെ ആദ്യത്തെ വ്യാകരണഗ്രന്ഥം ലീലാതിലകം എഴുതിയത് സംസ്കൃതത്തിലാണ്. ലീലാതിലകത്തിന്റെ കൈയ്യെഴുത്തുപ്രതി കിട്ടിയത് കൂടല്ലൂരിലെ സംസ്കൃത ഗുരുകുലത്തിൽനിന്നാണ്. ഇവിടെ ഓർക്കേണ്ട വസ്തുത അതല്ല. ഇതരസംസ്ഥാനങ്ങളിലെന്നപോലെ വിജ്ഞാനത്തിന്റെ കുത്തക കേരളത്തിൽ ബ്രാഹ്മണർക്ക് ഇല്ലായിരുന്നു എന്നതാണ് സാംസ്കാരിക പഠനത്തിൽ പ്രസക്തമായ കാര്യം. സമാന്തരമായി കീഴാളരുടെ ഒരു ജ്ഞാനധാര ഇവിടെ പ്രവർത്തിച്ചു. ജനസംഖ്യ അനുസരിച്ച് മഹാഭൂരിപക്ഷം ഈ ധാരയിലുൾപ്പെട്ടിരുന്നു. ഡച്ച് ഗവർണ്ണർക്ക് സസ്യൗഷധങ്ങളെപ്പറ്റിയുള്ള അറിവ് നൽകാൻ പാകത്തിലൊരു ഇട്ടിഅച്യുതൻ കീഴാളധാരയിൽ ഇവിടെ ഉണ്ടായിരുന്നു; വേദാന്തജ്ഞാനിയായ ശ്രീ നാരായണഗുരു ഉണ്ടായിരുന്നു; എൻ. കുമാരു എന്നൊരു ആശാൻ ഉണ്ടായിരുന്നു. ഇവരെല്ലാം ഒരു മഹാപരമ്പരയിലെ കണ്ണികളായിരുന്നു. വർണ്ണധർമ്മത്തിന്റെ വേലിക്കു പുറത്തുള്ള അസ്പൃശ്യരുടെ വലിയൊരു വിഭാഗം ജ്ഞാനികളായി കേരളസമൂഹത്തെ നയിച്ചിരുന്നു. ഈ സവിശേഷത കേരളത്തിന്റെ സംസ്കാരത്തിലും നവോത്ഥാനത്തിലും ചെറുതല്ലാത്ത സ്വാധീനം ചെലുത്തിയിട്ടുണ്ട്.

ഭരണീയരുടെ ഭാഷ ആയിട്ടാണ് ഇംഗ്ലീഷ് മലയാളിയുടെ മനസ്സിലേയ്ക്ക് കടന്നുവന്നത്. അധികാരത്തിന്റെ ഭാഷ എന്നതിനപ്പുറം ആധുനികതയുടെ ഭാഷയായിട്ടാണ് മലയാളി ഇംഗ്ലീഷിനെ കണ്ടത്. വിശാലമായ ലോകത്തിലേയ്ക്കുള്ള വാതായനം മലയാളിക്ക് തുറന്നുകൊടുത്തത് ഇംഗ്ലീഷ് ഭാഷയാണ്. ഇന്നത്തെ രീതിയിലുള്ള പൊതുവിദ്യാലയങ്ങൾ അതോടെ നിലവിൽ വന്നു. മിഷനറിമാരാണ് അതിനുമുൻകൈ എടുത്തത്. സമൂഹത്തിന്റെ ഏറ്റവും അടിത്തട്ടിലുള്ള പുലയർ, പറയർ, ചേരമർ തുടങ്ങിയവർക്ക് ചരിത്രത്തിന്റെ ഓരത്തിലെങ്കിലും പ്രവേശനം കിട്ടിയതപ്പോഴാണ്. ഇതിനകം ബ്രിട്ടീഷ് സർക്കാർ അടിമത്തം നിരോധിച്ചിരുന്നു. മിഷനറിമാർ ഈ സന്ദർഭം പ്രയോജനപ്പെടുത്തി കീഴാളരെ മതംമാറ്റി മനുഷ്യജീവികളാക്കി വിദ്യാലയങ്ങളിലെത്തിച്ചു.

ഇതോടെ മാർഗ്ഗം കൂടിയവരും അല്ലാത്തവരും എന്നൊരു നിര അടിസ്ഥാനവർഗ്ഗത്തി നിടയിൽ വന്നു. അടിസ്ഥാനവർഗ്ഗത്തെ അടിമത്തത്തിൽ നിന്ന് മോചിപ്പിക്കാനും വിദ്യാ ലയങ്ങളിൽ പ്രവേശനം നൽകാനും എതിരുനിന്നത് മേലാളരാണ്. അവരുടെ വരുതി യിൽ നിന്ന് രക്ഷപ്പെടാൻ മതംമാറ്റം കീഴാളരെ സഹായിച്ചു. സർക്കാർ വിദ്യാലയങ്ങ ളിൽ 'പഞ്ചമി' മാരെ പ്രവേശിപ്പിക്കാൻ അനുവദിക്കാതിരുന്നത് സവർണ്ണരാണ്. പുലയ ക്കുട്ടിയും നായർകുട്ടിയും ഒന്നിച്ചിരുന്നു പഠിക്കുന്നതിനെപ്പറ്റി 'പോത്തി' നെയും 'കുതിര' യെയും കൂട്ടിക്കെട്ടുന്നതെങ്ങനെയെന്ന് പരിഹസിച്ചത് സ്വദേശാഭിമാനിയുടെ പത്രാധി പരായ, നാമേറെ ആദരിക്കുന്ന രാമകൃഷ്ണപിള്ളയാണ്!

ഭാഷയുടെയും സംസ്കാരത്തിന്റെയും ഒക്കെ തനിമയിൽ ഊറ്റം കൊള്ളുന്നവരാണ് നാം. ഒന്നോർത്താൽ അതിലർത്ഥമില്ല. ഒഴുകുന്ന നദിപോലെയാണ് ഭാഷയും സംസ്കാ രവും. ഏതോ ഹിമഗിരികളിൽ നിന്നുദ്ഭവിച്ച് ഒഴുകിപ്പോകുന്ന നദി എവിടെ കാണു മ്പോഴും ഒന്നുതന്നെയാണെന്നുള്ളത് തോന്നൽ മാത്രമാണ്. ജീവൽഭാഷകൾ എല്ലാം സദാ ചലനാത്മകമാകും. അതുകൊണ്ടാണ് 'സംസ്കൃതം കൂപജലമാണ്, ദേശഭാഷ ഒഴുകുന്ന വെള്ളവും' എന്ന് കബീർ ഭാഷകളുടെ സ്വഭാവത്തിൽ ഭേദം കല്പിച്ചത്.

III

ശുദ്ധാശുദ്ധബോധത്തിൽ നിന്നാണ് തനിമയെന്ന സങ്കൽപം നമുക്കുണ്ടാകുന്നത്. ആര്യാ വർത്തത്തിലെ പ്രാചീനസമൂഹം തങ്ങളാണ് ശ്രേഷ്ഠർ എന്ന് സ്വയം അഭിമാനിച്ചു. മറ്റുള്ളവരൊക്കെ അവർക്കു മ്ലേച്ഛരായിരുന്നു – ആദ്യം കൃഷ്ണവർണ്ണമുള്ളവർ, പിന്നീട് താഴ്ന്നഭാഷ സംസാരിക്കുന്നവർ, തങ്ങളെപ്പോലെ ചിന്തിക്കാത്തവർ, ബൗദ്ധർ, ജൈനർ, ചാർവാകർ. തങ്ങളൊഴിച്ച് മറ്റുള്ളവരെല്ലാം അവർക്ക് അപരന്മാരായിരുന്നു. പലരെയും രാക്ഷസന്മാർ, അസുരന്മാർ, വാനരന്മാർ എന്നാണവർ വിളിച്ചിരുന്നത്. അവരുടെ കണ ക്കിൽ ദക്ഷിണേന്ത്യയിലുള്ള നമ്മളൊക്കെ വാനരന്മാരോ അസുരന്മാരോ രാക്ഷസ ന്മാരോ ആയിരുന്നു!

വർണ്ണസങ്കരമാണ് അവർ ഏറ്റവും ഭയപ്പെട്ടിരുന്ന അത്യാപത്ത്. ഇതരവിഭാഗങ്ങളിൽപെ ട്ടവർ തങ്ങളുമായി ഇടപഴകുന്നത് പ്രാചീനഭാരതീയർക്ക് സങ്കല്പിക്കാനാകുമായിരു ന്നില്ല. ഈ ശുദ്ധാശുദ്ധചിന്തകളാണ് സമൂഹത്തെ പല തട്ടുകളായി വിഭജിച്ചത്. തീണ്ടലും തൊടീലും അയിത്തവുമൊക്കെ കർശനമായി പാലിക്കുന്ന 'ശുദ്ധരിൽ ശുദ്ധരാ'യി നമ്മുടെ പൂർവികർ മാറിയതിന്റെ പശ്ചാത്തലമിതാണ്.

ഇതിന്റെ ഫലമായി കേരളീയസമൂഹത്തിൽ അടരുകൾ അനേകം ആവിർഭവിച്ചു. ആദ്യത്തെ തട്ടിൽ ബ്രാഹ്മണർ, തൊട്ടുതാഴെ നാടുവാഴികൾ, ഇരുവരെയും ശുശ്രൂ ഷിച്ചു ശൂദ്രർ; മൂവർക്കും പരസ്പരം കൂടിക്കഴിയാവുന്നമേഖലകളുണ്ടായിരുന്നു. സൗക ര്യത്തിനുവേണ്ടി നമുക്കിവരെ സവർണ്ണപാരമ്പര്യമെന്ന് വിളിക്കാം. രണ്ടാമത്തെ അടര്

ശ്രമണപരമ്പരയാണ്. ഇട്ടിഅച്യുതന്റെ പിൻമുറക്കാർ. ഈ രണ്ടടരുകളിലുമുള്ളവർക്ക് വിദ്യാഭ്യാസം ലഭിച്ചിരുന്നു. പക്ഷേ പരസ്പരബന്ധം കുറവായിരുന്നു. സവർണ്ണ-ശ്രമണ പരമ്പരകളോട് അടുത്തും ഇടപഴകിയും ആണ് യഹൂദരും ക്രിസ്ത്യാനികളും മുസ്ലീങ്ങളും കഴിഞ്ഞത്. വർണ്ണധർമ്മത്തിൽ വൈശ്യരുടെ സ്ഥാനമായിരുന്നു അവർക്ക്. ഇവരിലൊന്നും പെടാത്തവരായിരുന്നു, ഇന്ന് നാം പട്ടികവർഗ്ഗമെന്ന് വിളിക്കുന്ന അടിസ്ഥാനവിഭാഗം. ബ്രിട്ടീഷ് ഗവൺമെന്റ് അടിമക്കച്ചവടം നിയമംമൂലം നിരോധിക്കുന്നതുവരെ മൃഗതുല്യമായിരുന്നു അവരുടെ ജീവിതം. പൊതുധാരയിൽ ലയിക്കാതെ നിന്നിരുന്നു ആദിവാസി വിഭാഗങ്ങൾ. അനേകം അടരുകളിൽ വെർപെട്ട് കഴിഞ്ഞിരുന്ന ഇവർക്ക് പൊതുവായതെന്ന് പറയാൻ വളരെക്കുറച്ചേ ഉണ്ടായിരുന്നുള്ളു. കേരളീയത എന്നത് പ്രശ്നവത്ക്കരിക്കപ്പെടുന്നത് ഈ സാഹചര്യത്തിലാണ്. ആഹാരരീതികൾ വേറെ ആയിരുന്നു, വേഷഭൂഷകളും അങ്ങനെതന്നെ. ഭാഷപോലും, പൊതുവേ മലയാളം എന്നു പറയാമെങ്കിലും, അർത്ഥവും ഉച്ചാരണവും ഒന്നും ഏകരൂപമായിരുന്നില്ല. മലയാളിത്തം എന്ന ഒരു പൊതുധർമ്മം ഒരിടത്തും ഉണ്ടായിരുന്നില്ല. ഇന്നു കേരളപ്പിറവിക്ക് പെൺകുട്ടികൾ ധരിക്കുന്ന കസവുമുണ്ട് കേരളീയതയുടെ ചിഹ്നമല്ല; നിലവിളക്കും അല്ല. മേല്പാടയിലുള്ളവരെ അനുകരിക്കുന്നു എന്നേ അതിനൊക്കെ അർത്ഥമുള്ളൂ.

അനേകം അടരുകളായി സമൂഹം വിഭജിക്കപ്പെട്ടിരുന്നു. അടരുകൾക്കുള്ളിൽതന്നെയുണ്ടായിരുന്നു ചെറിയ അടരുകൾ. ജാതിയും ഉപജാതികളുമായി തേനീച്ചകൂടുപോലെ, പ്രത്യേകം കള്ളികളിൽ ഒതുങ്ങിയിരുന്ന ഈ സമൂഹത്തിൽ മലയാളിക്ക് ഒരു പൊതു ഇടം ഉണ്ടാക്കാനാണ് നവോത്ഥാനം ശ്രമിച്ചത്. ജന്മിത്തത്തിന്റെ അധീശതയെ ആണ് ഇന്ദുലേഖ ചോദ്യം ചെയ്തത്. പൗരോഹിത്യത്തിന്റെ അധൃഷ്യതയെയാണ് ചെമ്പഴന്തിയിൽ ശ്രീനാരായണഗുരു തിരസ്കരിച്ചത്. വർണ്ണശുദ്ധിയുടെ പൊള്ളത്തരമാണ് മിശ്രഭോജനത്തിലൂടെയും മിശ്രവിവാഹത്തിലൂടെയും സഹോദരൻ അയ്യപ്പൻ തുറന്നു കാണിച്ചത്. അടിസ്ഥാനവർഗ്ഗത്തിന് ആയിരമാണ്ടുകളായി നിഷേധിക്കപ്പെട്ട അറിവിനെയാണ് അയ്യങ്കാളി പിടിച്ചെടുത്തത്. നവോത്ഥാനപ്രവർത്തനങ്ങളുടെ കേന്ദ്രബിന്ദു മാനവികതയായിരുന്നു. ജാതി, മതം, വംശം, ലിംഗം എന്നിവയ്ക്കെല്ലാം മീതെ മനുഷ്യനെ പ്രതിഷ്ഠിക്കുകയാണ് നവോത്ഥാനനായകർ ചെയ്തത്. ഈ മാനവികത ദേശീയബോധത്തിലേയ്ക്കും തുടർന്നു സ്വാതന്ത്ര്യതൃഷ്ണയിലേയ്ക്കും വളർന്നു. ഇതിന്റെ തുടർച്ചയായിരുന്നു പുരോഗമന പ്രസ്ഥാനങ്ങളുടെ ആവിർഭാവം.

കേരളീയ നവോത്ഥാനത്തിന്റെ സവിശേഷപരിസരത്തിൽ മലയാളഭാഷയുടെ പങ്ക് വളരെ പ്രധാനപ്പെട്ടതാണ്. എഴുത്തച്ഛന്റെ കാലം തൊട്ടിങ്ങോട്ട് സംസ്കൃതമാതൃകകളായിരുന്നു നമ്മുടെ ഈടുവെപ്പിലധികവും ഉണ്ടായിരുന്നത്. നോവൽ, നാടകം, കവിത പോലുള്ള ജനപ്രിയ സാഹിത്യരൂപങ്ങൾ മലയാളത്തിന്റെ പങ്ക് വർദ്ധിപ്പിച്ചു. മാത്രമല്ല പഴയ മാതൃകകളെ തള്ളാനും മലയാളത്തെ കൂടുതൽ അംഗീകരിക്കാനും സമൂഹം

തയ്യാറായി. കൂടുതൽ മേഖലകളിലേയ്ക്ക് വിദ്യാഭ്യാസം വ്യാപിച്ചതും പത്രമാസികകളുടെ പ്രചാരവും ഈ മാറ്റത്തെ എളുപ്പമാക്കി. തകഴി, ദേവ്, വർക്കി തുടങ്ങിയവരുടെ രചനകളിലെ വിപ്ലവകരമായ ഉള്ളടക്കം സാധാരണജനങ്ങളെ ആവേശംകൊള്ളിച്ചു. വിചാരവിപ്ലവം വ്യാപിക്കുന്നതപ്പോഴാണ്. ചങ്ങമ്പുഴയുടെ രമണൻ മലയാളിയുടെ ആസ്വാദനശീലത്തെ കുറച്ചൊന്നുമല്ല സ്വാധീനിച്ചത്. മധുരനാരങ്ങപോലെ വിറ്റഴിയുകവഴി പതിനായിരങ്ങളുടെ സ്വപ്നമായി മാറി ആ സങ്കല്പലോകം. കഥാപ്രസംഗത്തിന് ഇക്കാലത്ത് കൈവന്ന പ്രചാരം സാധാരണക്കാരെക്കൂടി വിശ്വസാഹിത്യകൃതികളുടെവരെ ആസ്വാദകരാക്കി. സാഹിത്യാസ്വാദനം വരേണ്യവിഭാഗത്തിന്റെ ആർഭാടമായിരുന്നു ഇതുവരെ. എന്നാൽ കഴിഞ്ഞനൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ ചുണ്ടിൽ കവിതമൂളാത്ത മലയാളി ഇല്ലെന്നായി അവസ്ഥ.

നവോത്ഥാനസാഹിത്യത്തെപ്പറ്റി ആലോചിക്കുമ്പോൾ അതിന്റെ ജനപ്രിയസ്വഭാവത്തോടൊപ്പം ഓർക്കേണ്ട കാര്യം അതു വളർത്തിയെടുത്ത വൈകാരികശുദ്ധിയാണ്. മാംസബദ്ധതയിൽനിന്ന് സ്ത്രീപുരുഷബന്ധങ്ങളെ ഉദാത്തതലങ്ങളിലേയ്ക്ക് പുതിയ സാഹിത്യം ഉയർത്തി. സ്വന്തമായിത്തിരി മണ്ണുവാങ്ങി അതിലൊരു കൊച്ചുപുരയും വെച്ച് മാനമായി താലിയും മാലയും കെട്ടി തന്നെ കൊണ്ടുപോവാനെത്തുന്ന പുരുഷനുവേണ്ടി പൊന്നരിവാളമ്പിളിയിൽ കണ്ണെറിഞ്ഞ് സ്ത്രീകൾ കാത്തിരുന്നു. മലയാളഭാഷ വളർച്ചയെത്തിയെന്ന പ്രഖ്യാപനമായിരുന്നു പൊതുവേ നവോത്ഥാനസാഹിത്യം നടത്തിയത്.

## IV

നവോത്ഥാനപ്രക്രിയയുടെ രാഷ്ട്രീയതുടർച്ചയായിരുന്നു കേരളത്തിലെ ആദ്യത്തെ മന്ത്രിസഭ. ഭൂമിയുടെയും വിദ്യയുടെയും ഉടമസ്ഥതയാണ് അവികസിത സമൂഹങ്ങളിൽ കീഴാളരുടെ ഗതിനിർണയിക്കുന്നത്. ജന്മിത്തം അവസാനിപ്പിക്കുന്നതിനും അടിയാളർക്ക് ഭൂമിയുടെ അവകാശം നൽകുന്നതിനുമാണ് ആ സർക്കാർ ആദ്യമായി ശ്രദ്ധിച്ചത്. ഒപ്പം വിദ്യാർജ്ജനത്തിന് അനേകം മാർഗ്ഗങ്ങൾ തുറന്നുകൊടുക്കുകയും ചെയ്തു. പോലീസിന്റെ ആധിപത്യത്തിൽ നിന്ന് പാവപ്പെട്ടവരെ മോചിപ്പിക്കാനും ആ സർക്കാരിന് കഴിഞ്ഞു. എന്നാൽ നവോത്ഥാനത്തിന് രാഷ്ട്രീയ പിന്തുടർച്ച ഉണ്ടായതുപോലെ അർഹിക്കുന്ന രീതിയിൽ സാംസ്കാരികമായ പിന്തുടർച്ച ഉണ്ടായി എന്ന് പറയാൻ കഴിയുകയില്ല. കേരളീയസമൂഹത്തിൽ പുരോഗമനാശയങ്ങൾ കൈവരിച്ച മേൽക്കൈ പിൽക്കാലത്ത് അതുപോലെ നിലനിർത്താൻ നമുക്ക് കഴിഞ്ഞില്ല.

കൊളോണിയൽ ഭരണത്തോട് നമുക്കുണ്ടായിരുന്ന നിലപാട് ഇക്കൂട്ടത്തിൽ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതുണ്ട്. 'ബ്രിട്ടീഷുകാർ വേണ്ട, എന്നാൽ അവരുടെ ഭാഷയും സംസ്കാരവും വേണം' എന്നൊരു ദ്വന്ദ്വാത്മകമായ മനോഭാവമാണ് നാം പൊതുവെ സ്വീകരി

ച്ചത്. ഇത്തരമൊരു ആശ്രിതത്വം കോളനിരാജ്യങ്ങളിൽ വളർത്തി എടുക്കണമെന്നാണ് അവർ ആഗ്രഹിച്ചതും. 'ആംഗലേയസാഹിത്യം പ്രചരിക്കുന്നിടത്തെല്ലാം ഇംഗ്ലീഷുക്കാരന്റെ മൂല്യവ്യവസ്ഥയും അവന്റെ സ്വാതന്ത്ര്യ സങ്കല്പവും കടന്നു ചെല്ലണമെന്നായിരുന്നു മെക്കാളെ പ്രഭുവിന്റെ സ്വപ്നം.

ഈ സമീപനത്തിന് ഇന്ത്യയിൽ വലിയ അംഗീകാരം ലഭിച്ചു. അതിനുകാരണം ഇവിടെ നിലനിന്ന അസന്തുലിതമായ ജീവിതരീതിതന്നെയാണ്. സിംലയിൽ ഇന്ത്യൻ ഇൻസ്റ്റ്റ്റ്യൂട്ടിൽ ഫെല്ലോ ആയി കഴിയുമ്പോൾ ഉണ്ടായ ഒരു അനുഭവം ഓർമ്മിക്കുന്നു. കോളോണിയൽ ഭരണത്തിന്റെ ചൂഷണത്തെപ്പറ്റി പ്രശസ്തനായ ഒരു പ്രൊഫസർ അവതരിപ്പിച്ച പ്രബന്ധത്തിന്റെ ചർച്ച ആയിരുന്നു സന്ദർഭം. ബ്രിട്ടീഷ് ഭരണത്തെ പ്രബന്ധത്തിൽ അദ്ദേഹം നിശിതമായി വിമർശിച്ചിരുന്നു. ഒരു കവയിത്രി കൂടി ആയ ഇംഗ്ലീഷ് അദ്ധ്യാപിക പരുഷമായി പറഞ്ഞു– 'ആ വിമർശനങ്ങൾ അസ്ഥാനത്താണ്. ബ്രിട്ടീഷുകാർ ഇവിടെ വന്നില്ലായിരുന്നെങ്കിൽ ഞാനിപ്പോൾ തെരുവിലൂടെ വിസർജ്യം ചുമന്നുകൊണ്ടു നടക്കുമായിരുന്നു.' ജാതിയോട് വൃത്തിയെ ബന്ധിപ്പിക്കുന്ന വ്യവസ്ഥയെ ആണ് അവർ വിമർശിച്ചത്. സ്വാതന്ത്ര്യാനന്തരകാലത്തും ഇന്ത്യയിൽ ഇംഗ്ലീഷിന്റെ പ്രാധാന്യം തുടരുന്നത് ഈ പശ്ചാത്തലത്തിലാണ്. അധികാരത്തിന്റെ ഭാഷ എന്ന നിലയിലല്ല, വിമോചനത്തിന്റെ ആയുധം എന്ന നിലയിലാണ് ഭൂരിപക്ഷം ഭാരതീയരും ഇംഗ്ലീഷ് ഭാഷയെകണ്ടത്. ഈ നിലപാട് കേരളത്തിലെ പൊതുസമൂഹത്തിൽ മലയാളത്തിന്റെ നില പരുങ്ങലിലാക്കി എന്ന് തിരിച്ചറിയേണ്ടതുണ്ട്.

വിമോചനസമരത്തിനുശേഷമുള്ള കാലഘട്ടത്തിൽ സമൂഹത്തിൽ പടർന്നു പിടിച്ച ആശയകുഴപ്പം നവോത്ഥാന മൂല്യങ്ങളെ പിന്നോട്ടടിക്കുന്നതിൽ വലിയ പങ്കുവഹിച്ചിട്ടുണ്ട്. വിദ്യാഭ്യാസരംഗത്ത് മതജാതി ശക്തികളുടെ സാന്നിദ്ധ്യം ശക്തമാക്കാൻ ഇത് കാരണമായി. ഇക്കാലമത്രയും, ഒന്നു രണ്ടുദാഹരണമൊഴിച്ചാൽ, മുഖ്യധാരാകക്ഷികൾ വിദ്യാഭ്യാസവകുപ്പിന്റെ ചുമതല ഏറ്റെടുക്കാൻ ധൈര്യപ്പെട്ടില്ലെന്നത് ഇതിനോട് കൂട്ടിവായിക്കുമ്പോഴാണ് എത്ര നിരുത്തരവാദപരമായിട്ടാണ് കേരളീയസമൂഹം വിദ്യാഭ്യാസത്തെയും സംസ്കാരത്തെയും സമീപിച്ചതെന്ന് നമുക്ക് ബോദ്ധ്യമാകുക. കാമ്പസുകളെ മാത്രമല്ല, സമൂഹത്തെ ആകെ അരാഷ്ട്രീയവൽക്കരിച്ച് വലതുപക്ഷവ്യതിയാനത്തിന് ആക്കം കൂട്ടാനാണ് ജാതിമതശക്തികൾ ശ്രമിച്ചത്. അദ്ധ്യാപകവിദ്യാർത്ഥി സംഘടനകളെ കാമ്പസ്സുകളിൽ നിന്ന് തുടച്ചു നീക്കുക എന്നതായിരുന്നു ഇതിന് അവർ അംഗീകരിച്ച മാർഗ്ഗം. ഇതുവഴി എതിർപ്പിന്റെ ശബ്ദം കാമ്പസുകളിൽ ഇല്ലാതെയാക്കാൻ ഇ കാലയളവിൽ അവർക്ക് സാധിച്ചു. ഭരണ സ്വാധീനമുപയോഗിച്ച് കലാലയങ്ങളിൽ നിലവിലിരുന്ന സ്വാതന്ത്ര്യത്തിന്റെയും മൗലികചിന്തയുടെയും വ്യവസ്ഥാപിത മാർഗ്ഗങ്ങൾ അടച്ചുകെട്ടുവാൻ മാനേജ്മെന്റുകൾക്ക് കഴിഞ്ഞു. സ്വാശ്രയസ്ഥാപനങ്ങൾ, ഓട്ടോണമസ് കോളേജുകൾ തുടങ്ങിയ പുതിയ സംവിധാനങ്ങൾ അവർക്ക് സഹായകമാവുകയും ചെയ്തു.

ആശ്ചര്യകരമായ കാര്യം ഈ പ്രതിലോമഗതിക്ക് സമൂഹത്തിന്റെ പിന്തുണ നേടി എടുക്കാൻ മതസ്ഥാപനങ്ങൾക്ക് സാധിച്ചു എന്നതാണ്. ചികഞ്ഞുനോക്കിയാൽ മൂന്നു കാരണങ്ങൾ കാണാം. ഒന്ന്, സമൂഹത്തിൽ ഉയർന്നു വന്ന പുതിയ മദ്ധ്യവർഗ്ഗം അരാഷ്ട്രീയ വ്യവഹാരങ്ങളെ പിന്തുണച്ചു. അവരിൽ പലർക്കും ബാല്യത്തിൽ ആഗ്രഹിച്ച വിദ്യാഭ്യാസം സാമ്പത്തിക കാരണങ്ങളാൽ, നേടാൻ അവസരം ലഭിക്കാത്തവരായിരുന്നു. പുതുതായി കൈവന്ന സാമ്പത്തിക മേന്മകൾ മക്കൾക്ക് മികച്ച വിദ്യാഭ്യാസം നൽകാൻ അവരെ പ്രാപ്തരാക്കി. മാത്രവുമല്ല, അണുകുടുംബവ്യവസ്ഥയിൽ മക്കളുടെ എണ്ണം കുറഞ്ഞത് സഹായകവുമായി. സ്വകാര്യമേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്ന ജാതിമതശക്തികൾക്ക് തങ്ങളുടെ വിശ്വാസികളെ വലിയവിധത്തിൽ സ്വാധീനിക്കാൻ കഴിഞ്ഞത് അത്തരം സ്ഥാപനങ്ങളിലേയ്ക്കുള്ള ഒഴുക്ക് വർദ്ധിപ്പിച്ചു എന്നതാണ് രണ്ടാമത്തെ കാരണം. ഏറ്റവും പ്രധാനപ്പെട്ട വസ്തു പൊതുവിദ്യാലയങ്ങൾ പലതിനും സമൂഹത്തിന്റെ വിശ്വാസ്യത നിലനിർത്താൻ കഴിഞ്ഞില്ല എന്നതാണ്.

കാരണങ്ങൾ എന്തൊക്കെ ആയാലും പൊതുവിദ്യാഭ്യാസരംഗത്തെ ഈ അനാഥാവസ്ഥ സമൂഹത്തിലെ വലതുപക്ഷവ്യതിയാനത്തിന് ആക്കം കൂട്ടി. ഈ പഴുതിലൂടെയാണ് വർഗ്ഗീയ ചിന്തകൾ കാമ്പസ്സിൽ നുഴഞ്ഞുകയറി മാന്യത കൈവരിച്ചത്. തുടക്കത്തിൽ അതു മാനേജ്മെന്റിന്റെ മതത്തിന്റെ/ജാതിയുടെ വിഭാഗീയത ആയിരുന്നെങ്കിൽ, പിന്നീടത് എല്ലാത്തരം വർഗ്ഗീയതകളുമായിമാറി. വർഗ്ഗീയതയ്ക്ക് ന്യൂനപക്ഷഭൂരിപക്ഷഭേദങ്ങളൊന്നുമില്ലല്ലോ. ആഗോളീകരണത്തിനുള്ള ന്യായീകരണമായി മാറി നമ്മുടെ നാട്ടിൽ വർഗ്ഗീയത.

വർഗ്ഗീയതയെ പ്രതിരോധിക്കുന്നതിന് പൊതുസമൂഹത്തിനുള്ള പരിമിതികളാണ് ഇക്കാലത്തെ ഏറ്റവും വലിയ സാംസ്കാരികപ്രതിസന്ധി. കാമ്പസുകളിൽ നിന്ന് വർഗ്ഗീയത മറ്റു മേഖലകളിലേയ്ക്ക് വ്യാപിച്ചുകൊണ്ടിരിക്കുന്നു. സേവനവ്യവസ്ഥകൾ പരിഹരിക്കാൻ വേണ്ടി നേഴ്സുമാർ സമരം ചെയ്യുമ്പോൾ പോലും നേരിടുന്നതിനുള്ള ഉപാധി ജാതിയും മതവും ഒക്കെ ആകാം എന്ന് വരുന്നു. ഇതിൽ നമ്മെ ഉത്കണ്ഠപ്പെടുത്തുന്ന കാര്യമിതാണ് : നവോത്ഥാന കാലത്ത് പുരോഗമനാശയങ്ങളെ പിന്താങ്ങുന്ന എത്രയോ രചനകൾ പുറത്തു വന്നിരുന്നു. ഒരുതരത്തിൽ പറഞ്ഞാൽ ആ രചനകളാണ് നവോത്ഥാനത്തെ ത്വരിതപ്പെടുത്തിയത്. ഇന്നു പക്ഷേ, നമ്മുടെ സാഹിത്യം ഇത്തരം വിഷയങ്ങളെ നേരിടുന്നത് ഏറെ നിസ്സംഗതയോടെയാണ്. കോഴക്കോളേജുകളിലെ അനുഭവങ്ങൾ നോവലിനല്ല ചെറുകഥയ്ക്ക് പോലും വിഷയമാക്കാൻ എത്ര പേർക്ക് കഴിയുന്നുണ്ട്? പ്രതിരോധത്തിനുള്ള സർഗ്ഗശക്തി ദുർബ്ബലമായിരിക്കുന്നു. കോളേജ് മാഗസിനിൽപോലും എന്തെഴുതണമെന്ന് തീരുമാനിക്കുന്നത് ഇപ്പോൾ ബാഹ്യശക്തികളാണെന്ന് വന്നിരിക്കുന്നു!

വിദ്യാഭ്യാസ മേഖലയിൽ നിന്ന് മാതൃഭാഷയെ നിരാകരിച്ചതാണ് ഭയമല്ല, ഈ ശക്തി ശോഷണത്തിന് കാരണം. ഭാഷ അധികാരമാണ്. നാം ചിന്തിക്കുന്ന ഭാഷയ്ക്ക് അധികാരത്തിന്റെ ശക്തി കൈവന്നാലേ നമ്മുടെ സ്വരം കനത്തതാകൂ. നമ്മുടെ സംസ്കാരത്തെപ്പറ്റി അഭിമാനിക്കാനും അഹങ്കരിക്കാനും കഴിയുമ്പൊഴേ നമുക്ക് ആത്മവിശ്വാസം ഉണ്ടാകൂ. മാനസികമായ അടിമത്തം, കവാത്തുമറക്കുന്ന അധമബോധമാണ് ഒരുവനിലുണ്ടാക്കുക.

മലയാളിക്ക് നവോത്ഥാനം നൽകിയത് മതാതീതമായ ഒരു മനസ്സാണ്. എല്ലാ മതങ്ങളോടും സമഭാവന. വൈവിധ്യത്തിലുള്ള ആനന്ദം. യഹൂദനും പാഴ്സിയും ജൈനനും ബൗദ്ധനും ഹിന്ദുവും ക്രിസ്ത്യാനിയും മുസൽമാനുമെല്ലാം ഒരേ തോട്ടത്തിലെ സൗഗന്ധികപുഷ്പങ്ങൾ എന്ന സൗന്ദര്യബോധം. ആ ബഹുസ്വരതയാണ് നമ്മുടെ സംസ്കാരത്തിന്റെ കാതൽ. നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഈ മൂല്യബോധം നാം വീണ്ടെടുക്കേണ്ടിയിരിക്കുന്നു; നമുക്ക് വേണ്ടിയും നമ്മുടെ മക്കൾക്ക് വേണ്ടിയും.

●

---

കെ.ജി. പൗലോസ്, മനുസ്മൃതി, താമരക്കുളങ്ങര, തൃപ്പൂണിത്തുറ – 682 301, ഫോൺ: 9846041205, E-mail: kgpaulose@gmail.com, www.kgpaulose@info.com.